**ഷൺമുഖ സ് തുതി**

**വന്ദനം**

ഓം
കൈലാസ നാഥപുത്രം കതിരവകോടി പ്രകാശം
കലിയുഗ വരദം കാമമോഹാദിനാശം
സ് കന്ദം കരിമുഖസോദരം കരുണാസമുദ്രം
കഴലിണ കൈതൊഴുന്നേൻ പാഹി പാഹിമാം ജ്ഞാനമൂർത്തേ

**സ് തുതി**
സുരസഞ്ചയ  സേവിത ഷൺമുഖനേ
പരിപാലകനാകിയ നിർമ്മലനേ
കലിദോഷവിനാശന കാരണനേ
മലവാഴുമൊരീശ്വരനന്ദനനേ

സങ്കടഹാരക സത് ഗുണനേ
സകലാശ്രയനാകിയ ചിത് പരനേ
തിരുചെന്ദൂരിൻ നായകനേ തിരുത്തണിയിൽ
വാഴും വേലവനേ

സർവ്വാധി വിനാശന കോവിദനേ
സനകാദി മഹാമുനി സേവിതനേ
പഴനിഗിരിവാസ സുശോഭിതനേ
പരിപാഹി പരാത് പര ഷൺമുഖനേ

ഭവ താപ വിമോചന കാരണനേ
ശുഭ ദായക ഭക്ത ജനാർച്ചിതനേ
ശിവസംഭവ വിഘ് നനിവാരണനേ
ശരണാശ്രയ മോക്ഷ പ്രദായകനേ

സുഗുണാത്മക നിത്യനിരാമയനേ
സുരബാന്ധവ മംഗള ദായകനേ
ഗുണനായകസോദര ചിന്മയനേ
ഗുരുവായ്  നിന്നരുൾ ചെയ്  വവനേ

പ്രമാഥാധിപനന്ദന പണ്ഡിതനേ
ശതചന്ദ്രസമാനന ശോഭിതനേ
സുകൃതാത്മക പങ്കജലോചനനേ
കദനാപഹ ബന്ധുര വിശ്രുതനേ

പുലിവാഹന സോദര ഷൺമുഖനേ
നിഖിലാമയ നാശന പൂരുഷനേ
സുഖദായക ചിന്മയ വിശ്രുതനേ
സുര സഞ്ചയ വൈരികുലാന്തകനേ

ശിഖിവാഹനഭസ്‌ മ വിഭൂഷിതനേ
ശിവശക്തി വരപ്രദനായകനേ
സുകൃതാത്മക നിത്യ നിരാമയനേ
ശുഭദായകനാകിയ വേലവനേ

യതിസേവ്യ മനോഹര ഷഡ്വദനാ
സുരദാനവസേവിതവിഗ്രഹനേ
കരുണാകര നാരദപൂജിതനേ
കരിനായകൻ തൻ തിരുസോദരനേ

വേദപുരാണ വിശാരദനേ
ഖേദ വിനാശന കാരണനേ
ഇഹവാസസുഖപ്രദ നായകനേ
തവചേവടി ശരണം ശരവണനേ